ഉത്തരം

(എ-സി) 2013-ലെ വഖഫ് ഭേദഗതി നിയമപ്രകാരം നിലവിലുള്ള മൂന്ന് ഏകാംഗ വഖഫ് ട്രൈബ്യൂണലുകളിൽ രണ്ട് അംഗങ്ങളെ വീതം അധികമായി നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അഭിപ്രായ പ്രകാരം, ട്രൈബ്യൂണലുകളെ ത്രുപീകരിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് വീണ്ടും ചില നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതിനാൽ പുതിയ വഖഫ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. വഖഫ് ഭേദഗതി നിയമം അനുസരിച്ച് ജുഡീഷ്യറിയിൽ നിന്നല്ലാത്ത രണ്ട് അംഗങ്ങൾ കൂടി ട്രൈബ്യൂണലിൽ ഉള്ളതിനാൽ മറ്റ കേസുകൾ കൈകാര്യം ചെയ്യുന്നതിന് പുതിയ വഖഫ് ട്രൈബ്യൂണലുകൾക്ക് സാധ്യമല്ല.

സംസ്ഥാന ഹജ്ജ് കമ്മിറ്റി ആഫീസിലെ തസ്തികകൾ

246 (4237) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഹജ്ജ് കമ്മിറ്റി ഓഫീസിൽ എത്ര തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്; അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഓരോ തസ്തികകളുടെ ശമ്പള സ്കെയിലുകൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിലേക്കുള്ള നിയമനരീതി വ്യക്തമാക്കാമോ ;

(സി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എത്രപേരെ നിയമിച്ചിട്ടുണ്ട്; അവരുടെ മാതൃവകുപ്പുകൾ, അടിസ്ഥാന ശമ്പളം എന്നിവ വിശദമാക്കാമോ;

(ഡി) ഡെപ്യൂട്ടേഷൻ ജോലി ചെയ്യുന്നവരുടെ അന്യത്ര സേവനം ഏത് കാലയളവ് വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്; യഥാസമയം ഡെപ്യൂട്ടേഷൻ ദീർഘിപ്പിച്ച് ഉത്തരവാകാതെ ജീവനക്കാർ ജോലിയിൽ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഹജ്ജ് കോർഡിനേറ്റർ എന്ന തസ്തികയിൽ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇതിന് ധനവകുപ്പിന്റെ അനുമതിയുണ്ടോ; പ്രസ്തുത തസ്തിക മൂലം ഹജ്ജ് കമ്മിറ്റിക്കുണ്ടായ അധിക സാമ്പത്തിക ബാധ്യത എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) സംസ്ഥാന ഹജ്ജ് കമ്മിറ്റി ഓഫീസിൽ ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെയും ഒരു അറ്റൻഡറുടെയും തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നാല് ക്ലാർക്കുമാർ, ഒരു ടൈപ്പിസ്റ്റ്, ഒരു ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശമ്പള സ്കെയിൽ

ഡാറ്റാ എൻട്രി ഓപ്പറേറ്റർ	9190-15780
അറ്റൻഡർ	8730-13540

ഡെപ്യൂട്ടേഷൻ സ്റ്റാഫ്

ക്ലാർക്ക് (1)	13210-22360
ക്ലാർക്ക് (2)	13900-29180
ക്ലാർക്ക് (3)	9940-16580
ക്ലാർക്ക് (4)	9940-16580
ടൈപ്പിസ്റ്റ്	ഒഴിഞ്ഞുകിടക്കുന്നു.
ഓഫീസ് അറ്റൻഡന്റ്	8500-13210

(സി) 5 പേർ

1. ശ്രീ. മുഹമ്മദ് ഷാഹിദ് കെ. (ക്ലാർക്ക്)-പട്ടികവർഗ്ഗ വികസന വകുപ്പ് - 13900
2. ശ്രീ. മുജീബ് റഹ്മാൻ പി. (ക്ലാർക്ക്)-കാലിക്കറ്റ് യൂണിവേഴ്സിറ്റി-18740
3. ശ്രീ. യാസീൻ ഹബീബ് (ക്ലാർക്ക്) - വിദ്യാഭ്യാസ വകുപ്പ് -10750
4. ശ്രീ. ഷാജി ഷമീം (ക്ലാർക്ക്) - വനം വന്യജീവി വകുപ്പ് - 12550
5. ശ്രീ. ഷറഫുദ്ദീൻ (ഓഫീസ് അറ്റന്റന്റ്)-പൊതുഭരണ വകുപ്പ് - 8960

(ഡി) 1. ശ്രീ. മുഹമ്മദ് ഷാഹിദ് കെ. - 18-09-2014 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

2. ശ്രീ. മുജീബ് റഹ്മാൻ പി. (ക്ലാർക്ക്)-17-10-2015
3. ശ്രീ. യാസീൻ ഹബീബ് (ക്ലാർക്ക്) - 5-2-2015
4. ശ്രീ. ഷാജി ഷമീം (ക്ലാർക്ക്) - 12-5-2015
5. ശ്രീ. ഷറഫുദ്ദീൻ (ഓഫീസ് അറ്റന്റന്റ്) - 5-1-2015

യഥാസമയം ഡെപ്യൂട്ടേഷൻ ദീർഘിപ്പിച്ച് ഉത്തരവാകാതെ ജോലിയിൽ തുടരുന്ന ജീവനക്കാർ നിലവിലില്ല. എന്നാൽ ശ്രീ. മുഹമ്മദ് ഷാഹിദ് കെ. യുടെ ഡെപ്യൂട്ടേഷൻ കാലാവധി 18-9-2014 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഹജ്ജ് കമ്മിറ്റിയുടെ തീരുമാനപ്രകാരം ശ്രീ. മുജീബ് റഹ്മാൻ പി. യെ ഹജ്ജ് കോ-ഓർഡിനേറ്ററായി 21-7-2012-ലെ സ.ഉ. (സാധാ)2190/12/ആഭ്യന്തരം പ്രകാരം നിയമിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*) പ്രസ്തുത നിയമനത്തിന് ധനകാര്യവകുപ്പിന്റെ അനുമതി തേടിയിട്ടില്ല. ഹജ്ജ് കോ-ഓർഡിനേറ്റർക്ക് പ്രത്യേകമായി അലവൻസുകളോ മറ്റ് ആനുകൂല്യങ്ങളോ ഒന്നുംതന്നെ നൽകുന്നില്ല. പ്രസ്തുത തസ്തികമൂലം ഹജ്ജ് കമ്മിറ്റിക്ക് അധിക ബാദ്ധ്യത ഒന്നുംതന്നെയില്ല.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിപുലീകരണം

247 (4238) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് പി & എ. ആർ. ഡി. വകുപ്പ്, പട്ടിക വർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് നടത്തിയ വർക്ക് സ്റ്റഡിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; ആയതിലെ ഏതെല്ലാം നിർദ്ദേശങ്ങൾ നടപ്പിലാക്കി എന്ന് വ്യക്തമാക്കുമോ ;

(ബി) അടിമാലി റ്റി.ഡി.ഒ.-യുടെ ഓഫീസ് ഉൾപ്പെടെ വകുപ്പുതല പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നൽകിയ ക്രിയാത്മക നിർദ്ദേശങ്ങളിൽ ഏതെങ്കിലും നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) നിരന്തരമായി ശിശുമരണം സംഭവിക്കുന്ന അട്ടപ്പാടിയിൽ പട്ടിക വർഗ്ഗവികസന വകുപ്പിന്റെ മാതൃമായി ഒരു ഓഫീസ് ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവിടെ പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഒരു ഐ..റ്റി.ഡി.പി. ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഇക്കാര്യത്തിൽ ക്രിയാത്മക നടപടി സമയബന്ധിതമായി സ്വീകരിക്കുമോ ; ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ ;

(ഡി) കഴിഞ്ഞ പത്ത് വർഷക്കാലത്തെ വകുപ്പിനു ലഭിച്ച ഫണ്ടിന്റെ തോത് കണക്കാക്കി വകുപ്പിലെ ജോലി ഭാരം വിലയിരുത്തി വകുപ്പിന്റെ വിപുലീകരണം നടത്തുന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ വർക്ക് സ്റ്റഡി ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ച് സത്വര നടപടി സ്വീകരിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly